## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4530 | 26.06.2014 -ൽ മറുപടിയ്ക്ക്

### അമിതവില ഈടാക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന ഭക്ഷണശാലകളിലെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും, വില നിശ്ചയിക്കുന്നതിനുമുള്ള അധികാരം സിവിൽ സപ്ലൈസ് വകുപ്പിനില്ല. എന്നാൽ ഹോട്ടലുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും, പരിശോധനകൾ നടത്തി വരികയും ചെയ്യുന്നു. സംസ്ഥാന വ്യാപകമായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ച്, പരിശോധിച്ച് നിശ്ചിത ഗുണനിലവാരം പുലർത്താത്തതോ, മായം ചേർത്തതോ ആയ ഭക്ഷ്യോൽപ്പന്നങ്ങൾ വിതരണം ചെയ്യുകയോ, വിൽപ്പന നടത്തുകയോ ചെയ്യുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) പല ഹോട്ടലുകളിലും അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) 2014 വർഷത്തിൽ പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ ; | (സി)യും (ഡി)യും ഉണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധനകളും, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് പ്രകാരമുള്ള പരിശോധനകളുമാണ് നടത്തിയിട്ടുള്ളത്. ആയതിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തതു |

| | |
|---|---|
| (ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | മായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയിട്ടില്ല. പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് പ്രകാരം 31.05.2014 വരെ നടത്തിയ പരിശോധനകളിൽ 482 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 31,85,000/- രൂപ രാജിഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ